നം.ഇ.എക്സ്.എ4/14079/2019/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം- 695 012
തീയതി: 03/06/2019.

## സർക്കുലർ

വിഷയം:- പുനർമൂല്യനിർണ്ണയത്തിൽ സ്കൂളിൽ സ്വീകരിച്ച തുക ഗ്രേഡ് മാറ്റം വന്നവർക്ക് തിരിച്ചു നൽകിയ ശേഷം ബാക്കി തുക ട്രഷറിയിൽ ചെലാൻ മുഖേന ഒടുക്കുന്നത് സംബന്ധിച്ച്.

സൂചന:- നം.ഇ.എക്സ്.എ4/14079/2019/സി.ജി.ഇ സർക്കുലർ തിയതി 06/05/2019

..........

2019 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷാ ഉത്തരക്കടലാസുകളുടെ പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിച്ച പരീക്ഷാർത്ഥികളിൽ നിന്ന് ഓരോ സ്കൂളിലും സ്വീകരിച്ച ഫീസ് ചെലാൻ മുഖേന ട്രഷറിയിൽ ഒടുക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിബന്ധനകൾ സ്കൂളുകൾ പിന്തുടരേണ്ടതാണ്.

അപേക്ഷകരിൽ നിന്നും പുനഃമൂല്യനിർണ്ണയം,ഫോട്ടോകോപ്പി,സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ സ്വീകരിച്ച ഫീസ്,ഗ്രേഡ് മാറ്റംമൂലം തിരികെ നൽകിയ തുക മുതലായ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ഓരോ സ്കൂളിലും സൂക്ഷിക്കേണ്ടതാണ്. ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി നൽകേണ്ടതാണ്.

പരീക്ഷാർത്ഥിക്ക് പുനഃമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് തിരികെ നൽകേണ്ടതാണ്. 28/09/2012-ാം തിയതിയിലെ സർക്കാർ ഉത്തരവ് നം.4611/2012/ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രകാരം ഉത്തരകടലാസുകളുടെ പുനർമൂല്യ നിർണ്ണയം നടത്തിയതനുസരിച്ച് ഗ്രേഡിൽ മാറ്റം വന്ന രജിസ്റ്റർ നമ്പറുകളിലെ തുക പരീക്ഷാർത്ഥികൾക്ക് തിരിച്ചു നൽകിയതിന് ശേഷം ബാക്കിയുള്ള തുക പ്രഥമാദ്ധ്യാപകർ **0202-01-102-92- other receipts** എന്ന കണക്ക് ശീർഷകത്തിൽ ചെലാൻ മുഖേന അടയ്ക്കേണ്ടതും ആയതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ഫോട്ടോകോപ്പി ഈ സർക്കുലറിനൊപ്പമുള്ള സ്റ്റേറ്റ്മെന്റ് സഹിതം 10/06/2019-നകം ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ടതാണെന്നും, പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി ഇനങ്ങളിലായി ശേഖരിക്കുന്ന ഫീസ് തുക യാതൊരു കാരണവശാലും 10/06/2019-നു ശേഷം കൈവശം സൂക്ഷിക്കാൻ പാടുള്ളതല്ലെന്നും ഈ കാര്യാലയത്തിലെ സൂചന സർക്കുലർ പ്രകാരം അറിയിച്ചിട്ടുള്ളതാണ്. (ഒറിജിനൽ ചെലാൻ സ്കൂളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്)

പ്രഥമാദ്ധ്യാപകർ നിശ്ചിത സമയ പരിധിക്കുള്ളിൽ തുക അടച്ചിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടാൽ വീഴ്ചവരുത്തുന്നവരിൽ നിന്നും 18%പലിശ സഹിതം തുക ഈടാക്കുന്നതും ബന്ധപ്പെട്ടവരുടെ പേരിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. തങ്ങളുടെ സ്കൂളിൽ നിന്നും പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് അപേക്ഷകൾ ഇല്ലാതിരുന്നെങ്കിൽ അക്കാര്യം വ്യക്തമാക്കി ഒരു ശൂന്യറിപ്പോർട്ട് മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ പ്രഥമാദ്ധ്യാപകർ ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. (**RAL – Result announced Later –** എന്ന സ്റ്റാറ്റസിൽ റിസൾട്ട് വന്ന പരീക്ഷാർത്ഥിയുടെ **Revaluation Fee** റിസൾട്ട് പ്രഖ്യാപിക്കുന്നതുവരെ സ്കൂളിൽ സൂക്ഷിക്കേണ്ടതും, റിസൾട്ട് പ്രഖ്യാപിച്ച ഉടൻ സർക്കുലറിലെ നിബന്ധനകൾ പാലിക്കേണ്ടതുമാണ്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ട നടപടി:

പുനർമൂല്യനിർണ്ണയത്തിൽ ഗ്രേഡിൽ മാറ്റംവരാത്ത കേസുകളിലെയും, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നീ ഇനങ്ങളിലായി സ്കൂളുകൾ പരീക്ഷാർത്ഥികളിൽ നിന്നും ശേഖരിച്ച തുക ചെലാൻ മുഖേന ട്രഷറിയിൽ അടച്ചതിന്റെ ഫോട്ടോകോപ്പിയും, സ്റ്റേറ്റ്മെന്റും യഥാസമയം സ്കൂളിൽ നിന്നും സ്വീകരിക്കേണ്ടതാണ്. ആയതിനു ശേഷംവിദ്യാഭ്യാസ ജില്ലയുടെ അധികാരപരിധിയിൽ ഓരോ സ്കൂളും പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ ട്രഷറിയിൽ ഒടുക്കിയ ആകെ തുകകൾ രേഖപ്പെടുത്തി 25/06/2019-ന് മുൻപായി ടി ഓഫീസിലെ **cgeasection@gmail.com** എന്ന ഇ-മെയിൽ അഡ്രസ്സിലേക്ക് അയച്ചു തരേണ്ടതാണെന്നും സൂചന സർക്കുലർ പ്രകാരം അറിയിച്ചിരുന്നു. ആയതിനാൽ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും സ്കൂളിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് ക്രോഡീകരിച്ച് (ഇതോടൊപ്പമുളള മാതൃകയിൽ) 25/06/2019-നു മുൻപായി ടി ഓഫീസിലെ **cgeasection@gmail.com** എന്ന ഇ-മെയിൽ അഡ്രസ്സിലേക്ക് അയച്ചുതരേണ്ടതാണ്.

ജില്ലാവിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ വാർഷിക പരിശോധനയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.. തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും 18% പലിശ സഹിതം ട്രഷറിയിൽ ഒടുക്കുന്നതിനു നിർദ്ദേശിക്കേണ്ടതും, ബന്ധപ്പെട്ടവരുടെ പേരിൽ യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## SSLC EXAMINATION MARCH 2019- DEATAILS OF REVALUATION, PHOTOCOPY AND SCRUTINY OF ANSWER SCRIPTS IN THE EDUCATIONAL DISTRICT:

| Name of School | Total fee collected for Revaluation | Fee refunded to applicant who secured higher grade in revaluation | Details of fee remitted to treasury | | | | Chalan No.,Date, Nameof Treasury |
|---|---|---|---|---|---|---|---|
| | | | Revaluation | Photocopy | Scrutiny | Total | |
| | | | | | | | |
| | | | | | | | |
| | | | | | | | |

സെക്രട്ടറി

- എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും - വിദ്യാഭ്യാസജില്ലയിലെ സ്കൂളുകളിൽ സർക്കുലർ നൽകേണ്ടതാണ്.
- പ്രധാന അദ്ധ്യാപകർ- ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന

## SSLC EXAMINATION MARCH 2019 – DETAILS OF REVALUATION, PHOTOCOPY AND SCRUTINY OF ANSWER SCRIPTS IN THE SCHOOL

### ABSTRACT

**Name of School** :

**School code** :

**Educational District** :

| | |
|---|---|
| Number of application received for Revaluation | |
| Number of application received for Photocopy | |
| Number of application received for Scrutiny | |
| Amount of fee collected for revaluation (  x400) | |
| Amount of fee collected for Photocopy (  x200) | |
| Amount of fee collected for Scrutiny (  x50) | |
| **Total fee collected in the Centre** | |
| Fee refunded to applicant who secured higher grade in revaluation (  x400) | |
| Balance Amount Rs. | |
| Chalan Number, Date and Name of Treasury | |

**Name and Signature of**
**Head of Institution**

(Office seal)